**UNIVERSITY HOSTEL FOR WOMEN, THYCAUD**

**Thiruvananthapuram**

**(Accredited with `A` Grade by NAAC)**

## കേരള സർവകലാശാല തൈക്കാട് വനിതാ ഹോസ്റ്റലിൽ മെസ്സ് നടത്തുന്നതിനുള്ള വ്യവസ്ഥകൾ

1. ഹോസ്റ്റലിൽ നിന്നും നൽകുന്ന മെനു അനുസരിച്ച് ആഹാര പദാർഥങ്ങൾ പാചകം ചെയ്തു കൊടുക്കേണ്ടതാണ്.
2. ഇപ്പോൾ മെസിൽ നിലവിലുള്ള പാത്രങ്ങളും ഉപകരണങ്ങളും ഉപയോഗിക്കേണ്ടതാണ്.അധികം ആവശ്യം വരുന്നവ കരാറുകാർ തന്നെ കൊണ്ട് വരേണ്ടതാണ്.
3. മിൽമാ പാൽ ,നിലവാരമുള്ള കമ്പനി നിർമാതാക്കളായ തേയിലപ്പൊടി,കാപ്പിപ്പൊടി,മുതലായവ മാത്രമേ ഉപയോഗിക്കാവൂ.
4. സൺഫ്ലവർ എണ്ണ /വെളിച്ചെണ്ണ എന്നിവ മാത്രമേ ഉപയോഗിക്കാവൂ. പഴകിയ പാചക എണ്ണ വീണ്ടും ഉപയോഗിക്കാൻ പാടില്ല. പൊരിക്കാൻ ഉപയോഗിയ്ക്കുന്ന എണ്ണ ,കൊഴുപ്പ് എന്നിവയുടെ സ്വഭാവിക നിറം മാറിയാൽ ഉടൻതന്നെ ഉപേക്ഷിക്കണം.
5. കുടിക്കുവാൻ വെള്ളം തിളപ്പിച്ച്തന്നെ നൽകേണ്ടതാണ്.
6. ചായ ,കാപ്പി ഭക്ഷണ പദാർഥങ്ങൾ തുടങ്ങിയവ വൃത്തിയുള്ള ട്രേകളിൽ വിതരണം ചെയ്യേണ്ടതാണ്.
7. പാത്രങ്ങൾ കഴുകുകയും മേശ തുടക്കുകയും ചെയ്യുന്ന ജീവനക്കാർ ഭക്ഷണം വിതരണം ചെയ്യരുത്.
8. ഡൈനിങ് ടേബിളുകൾ ഈച്ച മറ്റ് പ്രാണികൾ എന്നിവയുടെ ശല്യം ഒഴിവാക്കാൻ ഇടവിട്ട് അണുനാശിനികൾ ഉപയോഗിച്ച് തുടക്കേണ്ടതും ആകുന്നു.
9. മെസ്സ് ജീവനക്കാർ വൃത്തിയും വെടിപ്പും ഉള്ള യൂണിഫോമും തലയിൽ തൊപ്പിയും ധരിച്ചിരിക്കണം
10. അടുക്കള, ആഹാരം വിളമ്പുന്ന സ്ഥലം മെസ്സിന്റെ പരിസരം എന്നിവ വൃത്തിയും വെടിപ്പുമായി സൂക്ഷിക്കണം.

11. കറണ്ട് ഉപയോഗിച്ച് പാചകം ചെയ്യാൻ പാടുള്ളതല്ല.ലൈറ്റ്,ഫാൻ, എന്നിവയുടെ ഉപയോഗം പരമാവധി കുറക്കാൻ ശ്രമിക്കണം
12. മെസിൽ നിന്നുള്ള മാലിന്യങ്ങളും മറ്റ് അവശിഷ്ടങ്ങളും കരാറുകാരൻ സ്വന്തം ചെലവിൽ നീരമാർജനം ചെയ്യേണ്ടതാണ്.
13. 10000/- (രൂപ പതിനായിരം ) ആണ് സെക്കുരിറ്റി ഡെപ്പോസിറ്റായി നിശ്ചയിച്ചിരിക്കുന്നത്
14. കോർപ്പറേഷൻ/സർക്കാർ എന്നിവർ ക്യാന്റീൻ നടത്തുന്നതിന് അനുശാസിക്കുന്ന ലൈസൻസുകളും ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ അനുമതിയും മറ്റും കരാറുകാർ എടുത്തിരിക്കേണ്ടതാകുന്നു,
15. ഭക്ഷ്യസുരക്ഷാ .ഗുണനിലവാര റെഗുലേഷൻ 2011 പ്രകാരമുള്ള മിനിമം നിബന്ധനകൾ പാലിച്ചിരിക്കേണ്ടതാണ്.
16. ഭക്ഷണം തയ്യാറാക്കുന്നതിന് ആവശ്യമായ അസംസ്കൃത പദാർദ്ഥങ്ങൾ വിതരണം ചെയ്യുന്നവരുടെ ഒരു രെജിസ്റ്റർ ക്യാന്റീനിൽ സൂക്ഷിക്കേണ്ടതാണ്.
17. കരാർ അവസാനിക്കുന്ന മുറക്ക് ബാധ്യതകൾ കണക്കാക്കി നിരതദ്രവ്യം തിരികെ നൽകുന്നതാണ്.
18. വാർഡന്റെ നിർദേശങ്ങൾ അനുസരിക്കാത്ത പക്ഷം കരാറുകാരനെതിരെ നിരദദ്രവ്യം പിടിച്ചെടുക്കൽ കരാർ റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ അഡ്മിനിസ്ട്രേറ്റീവ് ആഫീസർക്ക് അധികാരമുള്ളതാണ്.

മേൽ വിവരിച്ച നിബന്ധനകൾ വായിച്ച് ബോധ്യപ്പെട്ട് സമ്മതിച്ചിരിക്കുന്നു.

തിരുവനനതപുരം

ഒപ്പ്;-

പേര്:-

മേൽവിലാസം:-